മാധ്യമം 23 January 2017



മാലിന്യമുക്ത സമുദ്രം ബോധവത്കരണ പരിപാടിയുടെ ഭാഗമായി സി.എം.എഫ്.ആർ.ഐ മേൽനോട്ടത്തിൽ ഫോർട്ട് കൊച്ചി ബീച്ചിൽ നിർമിച്ച 'മീനുകളുടെ ശ്മശാനം' പ്രതീകാത്മക കലാസൃഷ്ടി

### മീനിന് ഉള്ളിലും പ്ലാസ്റ്റിക്

# ദുരന്തഫലം ഓർമിപ്പിച്ച് 'മീനുകളുടെ ശ്മശാനം'

- പ്രദർശനം മാർച്ച് 15 വരെ

കൊച്ചി: കടലിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ദുരന്തഫലങ്ങൾ ഓർമിപ്പിക്കുന്ന 'മീനുകളുടെ ശ്മശാനം' കലാസൃഷ്ടിയൊരുക്കി. മീനിന് ഉള്ളിലും അപകടകരമാംവിധം പ്ലാസ്റ്റിക് സൂക്ഷ്മ അംശങ്ങളുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് പ്ലാസ്റ്റിക് കടലിലെറിയുന്നതിനെതിരെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) പ്രതീകാത്മക ശ്മശാനം ഒരുക്കി ബോധവത്കരണം നടത്തുന്നത്. അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ മത്സ്യം കഴിക്കുന്നതിലൂടെ നമ്മിലേക്കുതന്നെ തിരിച്ചുവരുന്നുണ്ടെന്ന ഓർമപ്പെടുത്തലാണ് 'മീനുകളുടെ ശ്മശാനം' കാഴ്ചക്കാർക്ക് നൽകുന്നത്.

2500 ചതുരശ്ര അടി വ്യാപ്തിയും 13 അടി ഉയരവുമുള്ള ശ്മശാനം ശിൽപികളായ മനോജ് ബ്രഹ്മമംഗലവും പ്രഭാകർ ഗോപാലകൃഷ്ണനുമാണ് കൊച്ചിൻ ഷിപ്‌യാർഡിന്റെ സഹായത്തോടെ നിർമിച്ചത്. പ്രദർശനം മാർച്ച് 15 വരെ നീളും. മത്സ്യബന്ധനത്തിനിടെ മണിക്കൂറിൽ ശരാശരി ഒരു കിലോ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് വലകളിൽ അടിഞ്ഞുകൂടുന്നതെന്ന് സി.എം.എഫ്.ആർ.ഐ ഗവേഷകർ ചൂണ്ടിക്കാട്ടുന്നു.

ബോധവത്കരണ പരിപാടി മേയർ സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്തു.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, പദ്ധതിയുടെ നോഡൽ ഓഫിസർ ഡോ. ശ്യാം എസ്. സലിം, കൊച്ചിൻ ഷിപ്‌യാർഡ് ജനറൽ മാനേജർ എം.ഡി. വർഗീസ്, കേന്ദ്ര മത്സ്യ സാങ്കേതിക സ്ഥാപന ഡയറക്ടർ ഡോ. സി.എൻ. രവിശങ്കർ, സി.എം.എഫ്.ആർ.ഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സുനിൽ മുഹമ്മദ്, നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി മാത്യു, സീനത്ത് റഷീദ്, ഷിബു ലാൽ, ആന്റണി കുരീത്തറ, ആന്റണി ഫെലിക്സ് എന്നിവർ സംസാരിച്ചു.